# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1091 — 28-04-2017 ലെ മറുപടി

## ജലവിഭവ വകുപ്പിന്റെ കോഴിക്കോട് ജില്ലയിലെ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോർജ്ജ്.എം.തോമസ് | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് ജില്ലയിൽ ജലവിഭവ വകുപ്പിനു കീഴിലെ അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും | **കേരള ജല അതോറിറ്റി**<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ കേരള ജല അതോറിറ്റിയുടെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br>1. കിഫ്ബി ധനസഹായത്തോടു കൂടി കൊയിലാണ്ടി മുനിസിപ്പാലിറ്റിയ്ക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതി- 85 കോടി രൂപ<br>2. അമൃത് പദ്ധതിയിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പദ്ധതി<br>3. മൈനോറിറ്റി പദ്ധതികൾ<br>4. വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ<br>5. എസ്.സി കോർപ്പസ് ഫണ്ട്<br>ഇവയിൽ കിഫ്ബി ധനസഹായത്തോടു കൂടി കൊയിലാണ്ടി മുനിസിപ്പാലിറ്റിയ്ക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതിയുടെ പാക്കേജ് ഒന്നിന്റെയും രണ്ടിന്റെയും ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ബാക്കിയുള്ള പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം-I** ആയി ചേർക്കുന്നു. |
| (ബി) | പദ്ധതികളുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | **ഭൂജല വകുപ്പ്**<br>ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം-II** ആയി ചേർക്കുന്നു.<br>**പ്രോജക്ട്സ്-1**<br>കോഴിക്കോട് ജില്ലയിൽ അഴിയൂർ ബ്രാഞ്ച് കനാലിന്റെ ചെ:6/200 കി.മീ.നും 7/200 കി.മീ.നും ഇടയിലുള്ള നിലവിലെ അക്വാഡക്ട് പൊളിച്ചു മാറ്റി പുനർ നിർമ്മിക്കുന്ന പ്രവൃത്തിയ്ക്ക് 5.50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തിയുടെ സാങ്കേതികാനുമതിയ്ക്കുള്ള നടപടികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. മരുതാട് ഫീൽഡ് ബോത്തിയുടെ ചെ:0/050 കി.മീ.നും 1/610 കി.മീ.നും ഇടയിലെ പുനർനിർമ്മാണ പ്രവൃത്തിയ്ക്ക് 1.120 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. താമരശ്ശേരി ഫീൽഡ് ബോത്തിയുടെ ചെ 0/300 കി.മീ.നും 2/555 കി.മീ.നുമിടയിലുള്ള പുനർ നിർമ്മാണ പ്രവൃത്തിയ്ക്ക് 2.7068 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>**ജലസേചന വകുപ്പ്**<br>ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം-III** ആയി ചേർക്കുന്നു |

**സെക്ഷൻ ഓഫീസർ**

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്